
Volume 06
Issue 44
24 March, 2016
Pesaha Thursday
Ex 12:1-20
Mal 1:10-14
1Cor 11:23-29
Jn 13:1-14




# പാദക്ഷാളനവും പ്രാണദാനവും



Rev Bro
Elvis
Kocheril

അപ്പത്തിന്റെ ഭവനമായ ബത്‌ലഹെമിൽ നിന്നാരംഭിച്ച് ജീവന്റെ ആഴമായ് ഞാനെന്നും നിങ്ങളോടു കൂടെയുണ്ട് എന്ന ഗുരുമൊഴികൾ അനുസ്മരിക്കുന്ന പുണ്യദിനം. പെസഹാവ്യാഴം. മനുഷ്യന്റെ കാൽപാദത്തോളം തലതാഴ്ത്തിയ ഒരു ദൈവത്തിന്റെ ഓർമ്മകൾ നമ്മുടെ മനസിൽ നിറഞ്ഞു നിൽക്കുകയാണ്. പഴയ നിയമത്തിൽ പെസഹാ തിരുനാൾ യഹൂദ ജനത്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷയുടെ ദൈവത്തിങ്കലേയ്ക്കുള്ള ഒരു കടന്നുപോക്കലായിരുന്നു. ഇന്ന് നമുക്ക് പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സുവർണ്ണരക്ഷയിലേയ്ക്കുള്ള കടന്നു വരവാണു പെസഹാതിരുനാൾ.

ഇസ്രായേൽ ജനതയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവമാണ്, അടിമത്വത്തിന്റെ നാടായ ഈജിപ്തിൽ നിന്നുള്ള അവരുടെ മോചനം. തേനും പാലും ഒഴുകുന്ന കാനാൻദേശത്തേയ്ക്കുള്ള പുറപ്പാട് ഇസ്രയേൽക്കാരുടെ സ്വപ്നങ്ങളിൽ നിറഞ്ഞു നിന്നിരുന്നു. ദൈവത്തിന്റെ അദൃശ്യകരങ്ങളിലൂടെ സ്വന്തമായൊരു നാടും മേൽവിലാസവുമില്ലാതെ നിസഹായകരും ആശക്തരുമായ ഇസ്രായേൽ ജനതയെ ഫറവോയുടെ ബന്ധനത്തിൽ നിന്നും മോചിപ്പിച്ച് വാഗ്ദാനത്തിന്റെ നാട്ടിലേയ്ക്കു കൊണ്ടുവന്ന് ഒരു ജനതയാക്കി മാറ്റി. വാഗ്ദാന ഭൂമിയിൽ പ്രവേശിക്കുന്നതിനു മുൻപ് ചെങ്കടലും മരുഭൂമിയും താണ്ടി തേനും പാലും ഒഴുകുന്ന കാനാൻ ദേശത്ത് മോശയുടെ നേതൃത്വത്തിൽ അവരെത്തി. ഈ സംഭവങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടാണ് യഹൂദജനം പെസഹാതിരുനാൾ ആഘോഷിച്ചത്.

ഇന്ന് നാം ആഘോഷിക്കുന്ന ഈ പെസഹായ്ക്കും ഒരു കടന്നുപോകലിന്റെ അനുഭവമാണ്. പാപത്തിന്റെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന നമ്മെ ഓരോരുത്തരെയും പീഡാനുഭവ മരണ ഉത്ഥാനത്തിലൂടെ ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തിലേയ്ക്കു വീണ്ടെടുക്കുന്ന ദിവസമാണ് അത്.

മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ ജീവിതത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. ലോക സാമ്രാജ്യങ്ങൾ ഓരോന്നായി കീഴടക്കിയ അലക്സാണ്ടർ

ഡേവിയസ് എന്ന രാജാവിനെ കീഴടക്കാൻ പുറപ്പെട്ടു. 3 ദിവസം തുടർച്ചയായി പട്ടാള മാർച്ച് ചെയ്ത് മുന്നേറി. അലക്സാണ്ടർ ചക്രവർത്തിയും അവരോടൊപ്പം ഉണ്ടായിരുന്നു. വിശ്രമമില്ലാത്ത യാത്ര ചക്രവർത്തിയെയും സൈന്യത്തെയും തളർത്തി. വരണ്ടുണങ്ങിയ പ്രദേശമായതിനാൽ കുടിക്കുവാൻ പോലും വെള്ളമില്ലായിരുന്നു. ചക്രവർത്തിയും പടയാളികളും ദാഹം കൊണ്ടു വലഞ്ഞു. അപ്പോഴാണ് ഒരു പടയാളി ഒരു ചെറിയ പാത്രത്തിൽ വെള്ളവുമായി അലക്സാണ്ടർ ചക്രവർത്തിയുടെ അടുത്ത് എത്തിയത്. അദ്ധേഹം ആ വെള്ളം തിരികെ കൊടുത്തുട്ടു പറഞ്ഞു ഞാൻ മാത്രം വെള്ളം കുടിച്ച് തൃപ്തിയടഞ്ഞാൽ എന്റെ കൂടെയുള്ളവന്റെ വേദന മനസിലാക്കാൻ എനിക്കു കഴിയാതെ പോകും.

പ്രിയമുള്ളവരെ, അങ്ങനെ തന്നെയാ ക്രിസ്തുവിന്റെ സ്നേഹവും. അവിടുന്ന് ഏറ്റെടുത്ത മരണവും സഹനവും ഓരോ ക്രിസ്ത്യാനികളുടെയും കൂടെ സഹിക്കുവാൻ വേണ്ടിയാണ്. സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ ഓർക്കുക എന്റെ കൂടെ സഹിക്കുന്ന എന്റെ വേദനകൾ അറിയുന്ന ഒരു ദൈവമുണ്ട്. പെസഹാദിനത്തിലെ കാൽകഴുകൽ ശുശ്രൂഷ തരുന്ന ദിവ്യമായ സന്ദേശവും ഇതു തന്നെയാണ്. നിന്റെ പാദങ്ങളോളും തലതാഴ്ത്താൻ മനസു കാണിക്കുന്ന ഒരു ദൈവം നിനക്കുണ്ട്.

ഭക്ഷണം കഴിക്കുന്നതിനു മുൻപ് ശാരീരിക ശുദ്ധി വരുത്തുന്ന യഹൂദ പാര്യമ്പര്യമാണ്. പൊടിയും ചെളിയും നിറഞ്ഞ പലസ്തീനായിലെ വഴികൾ കാൽനടക്കാരുടെ പാദം മലിനമായിരുന്നു. അതിനാൽ കാലുകൾ ശുദ്ധിയാക്കുന്നതിന് വീടിന്റെ മുൻവശത്ത് കൽഭരണികളിൽ വെള്ളം വച്ചിരിക്കുക സാധാരണമാണ്. അതിഥികളുടെ പാദങ്ങൾ കഴുകി അത്താഴസമയത്ത് അടിമകളില്ലായിരുന്നുകൊണ്ട് ശിഷ്യൻമാർ പരസ്പരം പാദങ്ങൾ കഴുകി സഹായിക്കേണ്ടതായിരുന്നു. ആരാണ് വലിയവൻ എന്നു തർക്കം നടക്കുമ്പോൾ ഗുരു തന്നെ ചെറിയവനാകുന്ന വിസ്മയം സെഹിയോൻ മാളികയിൽ കാണുന്നത്.

ഈശോയുടെ പാദാന്തകത്തിലിരിക്കുന്നത് രക്ഷാകരമാണെന്ന് ലാസറിന്റെ സഹോദരി മറിയവും പാപിനിയായ സ്ത്രീ അവന്റെ പാദം കഴുകുന്നതിലൂടെ സ്വന്തം പാപം കഴുകി രക്ഷ നേടുന്നതും ശിഷ്യൻമാർ കണ്ടതാണ്. എന്നിട്ടും ഗുരുവിന്റെ പാദങ്ങളോളം താഴാൻ അവർക്കായില്ല. അഹന്തയുടെ സിംഹാസനങ്ങളിൽ കാലുനീട്ടിയിരുന്ന് അവന്റെ പാദങ്ങളിൽ മുട്ടു കുത്തി നിന്ന് എളിമയുടെ തീർത്ഥജലം തളിക്കുന്ന ക്രിസ്തു ഒരു വലിയ പാഠമാണു പഠിപ്പിക്കുന്നത്. പാദക്ഷാളനത്തിനൊടുവിൽ പ്രാണൻതന്നെ ഭക്ഷണമായി നൽകിക്കൊണ്ട് അവരുടെ ആത്മീയ വിശപ്പടക്കി. ഗുരുവിന്റെ മാറിൽ ചാരികിടക്കുന്ന ശിഷ്യനും വച്ചു വിളമ്പുന്നത് അവന്റെ തന്നെ ശരീരവും രക്തവുമായിരുന്നു.

പാവങ്ങളുടെ പക്ഷം ചേർന്ന് അനീതിക്കെതിരെ പോരാടിയ ഓസ്ക്കർ റൊമേരോ എന്ന വൈദികൻ പരി. കുർബാന അർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വെടിയേറ്റു മരിക്കുകയാണുണ്ടായത്. അദ്ദേഹം അവസാനമായി പറഞ്ഞ വാക്കുകൾ ഇന്നലെ വരെ ഞാൻ നിങ്ങൾക്കുവേണ്ടി കുർബാനയർപ്പിച്ചു. ഇന്ന് ഞാൻ കുർബാനയ്ക്കായി

സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു. ജീവിത വഴികളിൽ പരസ്പരം മുറിച്ചുനൽകാൻ കഴിയുമ്പോൾ കുടുംബജീവിതത്തിൽ പരസ്പരം പങ്കുവയ്ക്കാൻ കഴിയുമ്പോൾ മാത്രമാണു വി. കുർബാന ഒരു അനുഭവമായി തീരുന്നത്.

പ്രിയമുള്ളവരെ വിശക്കുന്ന മനുഷ്യന് അപ്പമായി തീർന്ന ദൈവത്തെയാണു ഈ പെസഹാ വ്യാഴാഴ്ച്ച അനുസ്മരിക്കുന്നത് പെസഹായുടെ ഉട്ടുപുരയിൽ പ്രിയപ്പെട്ട ശിഷ്യൻമാരുടെ പാദങ്ങൾ കഴുകിയ ക്രിസ്തു നമ്മുടെ ജീവിതത്തിലും ഒരു അഗ്നി സ്ഥംഭമായിട്ട് കാത്തിരിക്കുന്നു. തന്റെ കുടുംബജീവിതത്തിൽ കഴുകികളയേണ്ട സ്വാർത്ഥതയുടെയും അഹന്തയുടെയും അഹങ്കാരത്തിന്റെയും ധനമോഹത്തിന്റെയും പൊടി പടലങ്ങലുണ്ട്. ഈ പെസഹാവ്യാഴം പാപത്തിന്റെ പൊടി ഫലങ്ങൾ കഴുകി ശുദ്ധരാക്കപ്പെടുന്ന ദിവസമാകട്ടെ.

അപ്പമായ് ഞാനെന്നും നിങ്ങളുടെ കൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനം ഓരോ കുർബാനഅർപ്പണത്തിലൂടെയും നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു മുതൽ ഞാനും പങ്കെടുക്കുന്ന ഓരോ കുർബാനഅർപ്പണത്തിലും ഈ പ്രാണദാനത്തിന്റെ ഓർമ്മ നമ്മിൽ നിറയട്ടെ. പാദം കഴുകി പ്രാണൻ തരുന്ന ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ കുടുംബങ്ങളിൽ നിറയട്ടെ. അതുവഴി ഒരു സ്നേഹ വിപ്ലവം നമുക്ക് ലോകത്തിന് നൽകാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.